# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *343 | 15.03.2018-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണസംഘങ്ങളുടെ പൊതുനന്മ ഫണ്ട്

ചോദ്യം

ശ്രീ.ടി. വി. ഇബ്രാഹിം

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളിലെ പൊതുനന്മ ഫണ്ട് അതാത് സംഘം ബൈലോയിൽ പരാമർശിച്ചിട്ടുള്ള പ്രകാരവും 1890 ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റിലെ 2-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്ക് സംഭാവന നൽകുന്നതടക്കമുള്ള പ്രവർത്തനങ്ങൾക്കും, വിനിയോഗിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച ചട്ടങ്ങൾ/ഗൈഡ് ലൈൻ ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച ചട്ടങ്ങൾ/ഗൈഡ് ലൈൻ നിലവിലില്ല. |
| (സി) | ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുമതിയില്ലാതെ പ്രാഥമിക സംഘങ്ങൾക്ക് പൊതുനന്മ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ടി ഫണ്ട് വിനിയോഗിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ അനുമതി വാങ്ങേണ്ടതാണെന്ന് അതാത് സംഘം ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ മാത്രം മുൻകൂർ അനുമതി വാങ്ങിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ